# കേരള ടൂറിസം – ക്യാമ്പിങ്ങ് മാര്ഗനിര്ദ്ദേശങ്ങള്

## ഭാഗം 1

കോണ്ക്രീറ്റ് വനത്തില് നിന്നകലെ പ്രകൃതിയുടെ മടിത്തട്ടില് അല്പനേരം ചെലവഴിക്കാനുള്ള അവസരമാണ് ക്യാമ്പിങ്ങ്. വെറും ടെന്റിലുറങ്ങല് മാത്രമല്ല, തുറസ്സായ ഭൂമിയുടെ വിശാലത അനുഭവിക്കാന്, സ്വയം നവീകരിക്കാന് കൂടിയാണ് ക്യാമ്പിങ്ങ് അവസരമൊരുക്കുന്നത്. സഞ്ചാരികള്ക്ക് ഈ അവസരം ഹൃദ്യമായൊരു അനുഭവമാക്കി മാറ്റാന് വേണ്ട സുരക്ഷാസംവിധാനങ്ങള് കൂടി ക്യാമ്പിങ്ങില് ഉറപ്പാക്കണം.

ക്യാമ്പിങ്ങ് അനുഭവത്തിന്റെ സുരക്ഷ ഉറപ്പാക്കാനായി ഏതാനും മാര്ഗനിര്ദേശങ്ങള് ആവശ്യമാണ്. ഇത് കൃത്യമായി പാലിക്കുന്നു എന്നുറപ്പാക്കുകയും വേണം.
സ്വകാര്യവ്യക്തികള് സംഘടിപ്പിക്കുന്നതോ വാണിജ്യാടിസ്ഥാനത്തില് സംഘടിപ്പിക്കുന്നതോ ഉല്ലാസത്തിനായി വ്യക്തികള് ചെയ്യുന്നതോ ആയ ക്യാമ്പിങ്ങ് ആയാലും ഈ മാര്ഗനിര്ദേശങ്ങള് ബാധകമാണ്. ക്യാമ്പിങ്ങിന്റെ സുരക്ഷ ഉറപ്പാക്കുകയും ക്യാമ്പിങ്ങിന്റെയും അതു നടത്തുന്ന സ്ഥലത്തിന്റെയും സൗകര്യങ്ങളും നിലവാരവും പ്രോത്സാഹിപ്പിക്കുകയുമാണ് ഈ മാര്ഗനിര്ദേശങ്ങലുടെ ലക്ഷ്യം.

### 1. പൊതു നിര്ദേശങ്ങള്

രജിസ്റ്റര് ചെയ്യപ്പെട്ട സ്ഥാപനമായിരിക്കണം ക്യാമ്പിങ്ങ് സംഘടിപ്പിക്കുന്നത്. അതൊരു രജിസ്റ്റര് ചെയ്യപ്പെട്ട മേല്വിലാസമുള്ളതും ജിഎസ്ടി രജിസ്ട്രേഷനുമുള്ള കമ്പനി / സൊസൈറ്റി / പ്രൊപ്രൈറ്റര്ഷിപ്പ് / പാര്ട്നര്ഷിപ്പ് തുടങ്ങിയവയില് ഏതെങ്കിലുമൊന്നായിരിക്കണം.

ക്യാമ്പിങ്ങ് നടത്തുന്നതിനായി ക്യാമ്പ് സംഘാടകന് തദ്ദേശസ്വയംഭരണ വകുപ്പില് നിന്ന് എന്ഓസി (നോ ഒബ്ജക്ഷന് സര്ട്ടിഫിക്കറ്റ്) വാങ്ങിച്ചിരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പില് നിന്ന് എന്ഓസി ലഭിക്കാനായി താഴെ പറയുന്ന രേഖകള് സമര്പ്പിക്കേണ്ടതാണ്.

1. നോ ഒബ്ജക്ഷന് സര്ട്ടിഫിക്കറ്റിനുള്ള അപേക്ഷ
2. സ്ഥാപനം/സംഘാടകന്റെ രജിസ്ട്രേഷന്റെ പകര്പ്പ്
3. ഭൂ ഉടമസ്ഥാവകാശ സര്ട്ടിഫിക്കറ്റിന്റെ പകര്പ്പ്
a) ക്യാമ്പിങ്ങ് സംഘടിപ്പിക്കുന്നത് സ്വന്തം സ്ഥലത്താണെങ്കില് – ഭൂനികുതി അടച്ചതിന്റെ ഏറ്റവും പുതിയ രസീത്
b) ക്യാമ്പിങ്ങ് സംഘടിപ്പിക്കുന്നത് ലീസിനോ വാടകയ്ക്കോ എടുത്ത സ്ഥലത്താണെങ്കില് – ലീസ്/ വാടക എഗ്രിമെന്റിന്റെ പകര്പ്പ്
4. ക്യാമ്പിങ്ങ് സൈറ്റ് നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അതിരുകള് വ്യക്തമായി രേഖപ്പെടുത്തിയ സൈറ്റ് പ്ലാന്

5. സുരക്ഷാ മാര്ഗനിര്ദേശങ്ങളില് പറയുന്ന സുരക്ഷാസംവിധാനങ്ങള് ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സര്ട്ടിഫിക്കറ്റ്.

ഇത്രയും രേഖകള് ഹാജരാക്കുമ്പോള് ആ അപേക്ഷയിന്മേല് തദ്ദേശസ്വയംഭരണ വകുപ്പ് രണ്ടുമാസത്തേക്ക് ക്യാമ്പ് സംഘടിപ്പിക്കാനുള്ള ഒരു അംഗീകാര രസീത് നല്കുന്നതാണ്.

ഈ അംഗീകാര രസീത് ലഭിച്ചുകഴിഞ്ഞാല് ക്യാമ്പ് സംഘാടകന് ടൂറിസം വകുപ്പിന്റെ രജിസ്ട്രേഷനായി അപേക്ഷിക്കേണ്ടതാണ്. തെളിവെടുപ്പിനായി ഒരു വിദഗ്ദ്ധ കമ്മിറ്റി ക്യാമ്പിങ്ങ് സൈറ്റ് സന്ദര്ശിക്കും. ടൂറിസം വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സുരക്ഷാ മാര്നിര്ദേശങ്ങളും ക്യാമ്പ് സംഘാടകന് പാലിച്ചിട്ടുണ്ടോ എന്നുറപ്പാക്കാനായി തെളിവെടുപ്പിനു വരുന്ന സംഘത്തിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഒരു പ്രതിനിധി കൂടി സൈറ്റ് സന്ദര്ശനത്തില് പങ്കു ചേരാവുന്നതാണ്. ഇതിനു ശേഷം എന്ഓസി അനുവദിക്കും.

സ്ഥാപനത്തിന് പബ്ലിക് ലയബിലിറ്റി ഇന്ഷുറന്സ് കവറേജ് ഉണ്ടായിരിക്കണം.

ക്യാമ്പിങ്ങ് സൈറ്റിന്റെ അതിരുകള്ക്കുള്ളിലായി തന്നെ ശൗചാലയങ്ങള് ഉണ്ടായിരിക്കണം.

ശരിയായ മാലിന്യസംസ്ക്കരണ സംവിധാനങ്ങളോടെയും ഹരിത പ്രോട്ടോക്കോള് പാലിച്ചുമായിരിക്കണം ക്യാമ്പിങ്ങ് സൈറ്റ് പ്രവര്ത്തിക്കേണ്ടത്.

സ്ഥിരം ക്യാമ്പിങ്ങ് സൈറ്റില് ഭക്ഷണം കഴിക്കാനുള്ള സ്ഥലം, വാഷ് റൂം, യാത്രികരുടെ സാധനങ്ങള് സൂക്ഷിക്കാനുള്ള സ്ഥലം, പ്രഥമചികിത്സയ്ക്കുള്ള സ്ഥലം, പച്ചക്കറി, പലചരക്ക്, മാംസം എന്നിവ സൂക്ഷിക്കാനുള്ള സ്ഥലസൗകര്യവും ശുചിത്വ മാനദണ്ഡങ്ങള് പാലിക്കുന്നതുമായ അടുക്കള എന്നിവയും ഉണ്ടായിരിക്കണം.

ക്യാമ്പിങ്ങ് സൈറ്റില് ശുദ്ധജല ലഭ്യത, സുരക്ഷാ വെളിച്ചം (വൈദ്യുതിയോ മറ്റു പരമ്പരാഗത ഊര്ജസ്രോതസോ ഉപയോഗിച്ചുള്ളത്) എന്നിവ ഉറപ്പാക്കണം.

ടെന്റുകളുടെ എണ്ണവും സൗകര്യവും കണക്കിലെടുത്തായിരിക്കണം ക്യാമ്പ് സൈറ്റില് രാത്രിതാമസത്തിനുള്ള പരമാവധി ശേഷി തീരുമാനിക്കേണ്ടത്.

പ്രകൃതിയുടെയും മറ്റ് മനുഷ്യരുടെയും സ്വകാര്യത മാനിക്കുന്ന തരത്തിലായിരിക്കണം ക്യാമ്പിങ്ങ് സംഘടിപ്പിക്കേണ്ടത്. ശബ്ദം പരിമിതമായിരിക്കണം, പ്രത്യേകിച്ചും രാത്രികാലങ്ങളില്. സുരക്ഷയും സൗകര്യവും ആവശ്യപ്പെടുന്ന വെളിച്ചസംവിധാനം ഉണ്ടായിരിക്കണം, എന്നാല് അത് പരിസരവാസികള്ക്കും

വന്യമൃഗങ്ങള്ക്കും അലോസരമുണ്ടാക്കുന്ന തരത്തിലായിരിക്കരുത്
.

ക്യാമ്പിങ്ങിന്റെ ഭാഗമാവാന് തദ്ദേശവാസികളെയും പ്രോത്സാഹിപ്പിക്കുക അതുവഴി അവര്ക്ക് ക്യാമ്പിനെക്കുറിച്ചും ക്യാമ്പിന്റെ പരിസരത്തെക്കുറിച്ചും വ്യക്തമായ ധാരണ ലഭിക്കും.

സംസ്ഥാന ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷാ പ്രോട്ടോക്കോള് ക്യാമ്പ് സംഘാടകന് തീര്ച്ചയായും പാലിച്ചിരിക്കണം.

2. ക്യാമ്പിങ്ങ് സൈറ്റ്

സുരക്ഷിതമായ ക്യാമ്പിങ്ങിന് അത്യാഹിതങ്ങളുണ്ടാകാന് സാദ്ധ്യതയില്ലാത്ത സ്ഥലമാണ് ക്യാമ്പിങ്ങ് സൈറ്റ് എന്നുറപ്പുവരുത്തേണ്ടതുണ്ട്. സ്ഥിരമായതോ താത്ക്കാലികമായതോ ആയ ടെന്റുകള് സ്ഥാപിക്കാന് സുരക്ഷിതമായ സ്ഥലമാദ്യം കണ്ടെത്തേണ്ടതുണ്ട്. ക്യാമ്പിങ്ങ് സൈറ്റിനുള്ള സ്ഥലം തെരഞ്ഞെടുക്കുമ്പോള് താഴെപ്പറയുന്ന കാര്യങ്ങള് നിര്ബന്ധമായും പാലിച്ചിരിക്കണം.

2.1 ക്യാമ്പിങ്ങ് സൈറ്റ് കാടിന്റെ അതിരിനോടു ചേര്ന്നോ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള സ്ഥലത്തോ ആണെങ്കില് - ആനത്താരയോ വന്യമൃഗങ്ങള് വെള്ളംതേടി പോകുന്നവഴിയോ ഉണ്ടോ എന്നു പരിശോധിച്ച് ഉണ്ടെങ്കില് അതൊഴിവാക്കി വേണം ക്യാമ്പിങ്ങ് സൈറ്റ് തെരഞ്ഞെടുക്കാന്.

ആനത്താര പോലുള്ള വന്യമൃഗപാതയെ മുറിച്ചുകൊണ്ട് ടെന്റുകള് സ്ഥാപിക്കരുത്.
കാടിന്റെ അതിരില്നിന്ന് ചുരുങ്ങിയത് 10 മീറ്റര് അകലത്തിലാണ് ടെന്റുകള് സ്ഥാപിക്കാന് അനുയോജ്യം.
കാടിന്റെ അതിരിനും ക്യാമ്പിങ്ങ് സൈറ്റിനുമിടയിലെ സ്ഥലത്ത് കുറ്റിച്ചെടികളോ കളകളോ വളര്ന്ന് കാഴ്ച്ച മറയാതിരിക്കാന് ശ്രദ്ധിക്കണം.
കാടിനോടു ചേര്ന്നുള്ള ക്യാമ്പുകളില് 24x7 കാവലുണ്ടായിരിക്കണം. വന്യമൃഗങ്ങളുടെ കടന്നുകയറ്റം ഒഴിവാക്കാനായി ജോലിക്കാര് ഊഴമിട്ട് കാവല് ജോലി തുടരേണ്ടതാണ്. കാവല് ജോലിയിലുള്ള വാച്ചര്മാര്് ശക്തിയേറിയ വെളിച്ചമുള്ള ഫ്ളാഷ് ലൈറ്റുകള് കൂടെ കരുതേണ്ടതാണ്.
ക്യാമ്പ് സൈറ്റില് വന്യമൃഗങ്ങളുടെ കടന്നുകയറ്റമുണ്ടായാല് അത് മറ്റുള്ളവരെ അറിയിക്കാനുള്ള അപകടസൂചന മുന്നറിയിപ്പ് സംവിധാനമുണ്ടായിരിക്കണം.
കാടിന്റെ അതിരിനോടു ചേര്ന്നുള്ള ക്യാമ്പിങ്ങ് സൈറ്റില് തീപിടിത്തം തടയാനുള്ള ഫയര്ലൈന് സംവിധാനം ഉണ്ടായിരിക്കണം. മരനിരയോടു ചേര്ന്നാണെങ്കില് 5 മീറ്റര് വീതിയിലും പുല്മേടിനോടു ചേര്ന്ന് 10 മീറ്റര് വീതിയിലും

മുളങ്കാടിനോടു ചേര്ന്ന് 20 മീറ്റര് വീതിയിലുമാണ് ഫയര്ലൈന് ഒരുക്കേണ്ടത്.
പാറയോ അരുവിയോ ചെറിയ പാലമോ പോലെ പ്രകൃത്യാലുള്ള സുരക്ഷാസംവിധാനങ്ങളെ പ്രയോജനപ്പെടുത്തിയായിരിക്കണം ടെന്റുകള് സ്ഥാപിക്കേണ്ടത്.
എല്ലാ ക്യാമ്പ്സൈറ്റിലും അതിഥികള്ക്ക് അടിയന്തര സാഹചര്യങ്ങളില് അഭയം തേടാനായി എളുപ്പത്തില് എത്താവുന്നതും അടച്ചുറപ്പുള്ളതും സുരക്ഷിതവും ദൃഢവുമായ ഒരു കെട്ടിടമെങ്കിലും ഉണ്ടായിരിക്കണം.
കഴിയുമെങ്കില് ക്യാമ്പിങ്ങ് പരിസരത്ത് പഴുത്ത ചക്ക, പന പോലെ ആനകളെയും മറ്റു വന്യമൃഗങ്ങളെയും ആകര്ഷിക്കുന്ന പഴങ്ങള് ഒഴിവാക്കുക.

2.2 കടല്ത്തീരം - ടെന്റുകള് കടല്ത്തീരത്തുനിന്ന് ചുരുങ്ങിയത് 100 അടി അകലത്തിലായിരിക്കണം. വേലിയേറ്റ സമയങ്ങളില് ടെന്റുകള് കുറഞ്ഞത് 150 അടി അകലത്തിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ക്യാമ്പ് സംഘാടകന് ഉറപ്പുവരുത്തേണ്ടതാണ്.

2.3. മലഞ്ചെരിവുകളും കുത്തനെയുള്ള പാറക്കെട്ടുകളും - കുത്തനെയുള്ള പാറക്കെട്ടുകളുടെ വിളുമ്പ് ഉറപ്പുള്ള വേലികൊണ്ട് സുരക്ഷിതമാക്കിയിട്ടില്ലെങ്കില് ടെന്റുകള് കൊക്കയുടെ /അപകട മേഖലയുടെ 200 അടി അകലെയായിരിക്കണം. മലമുകളിലെ തുറസ്സായ സ്ഥലത്ത് കാറ്റു പിടിക്കാനും മിന്നലേല്ക്കാനുമുള്ള സാദ്ധ്യത കൂടുതലായതിനാല് അത്തരം തുറസ്സുകളില് ടെന്റ് സ്ഥാപിക്കരുത്.

2.4. കുടിവെള്ളസ്രോതസ് - മനുഷ്യര് ഉപയോഗിക്കുന്ന കുടിവെള്ള സ്രോതസുകളില് നിന്ന് 200 അടി അകലെയായിരിക്കണം ടെന്റുകള് സ്ഥാപിക്കേണ്ടത്.

2.5. മിന്നല് പ്രളയഭീഷണിയുള്ള നദികള് - നദിക്കരയില് നിന്ന് 100 മീറ്റര് അകലെ (മഴക്കാലത്തും ദുരന്തനിവാരണ സേന അധികൃതരുടെ വെള്ളപ്പൊക്ക മുന്നറിയിപ്പ് ഉള്ളപ്പോഴും ഇത് ബാധകമാണ്.)

2.6. ഉരുള്പ്പൊട്ടല് ഭീഷണിയുള്ള സ്ഥലങ്ങള് - 200 മീറ്റര് (മഴക്കാലത്തും ദുരന്തനിവാരണ സേന അധികൃതരുടെ മുന്നറിയിപ്പ് ഉള്ളപ്പോഴും ഇവിടെ ക്യാമ്പിങ്ങ് അനുവദനീയമല്ല.)

2.7. വലിയ പാറയോ പാറക്കല്ലുകളോ അടര്ന്നുവീഴാന് സാദ്ധ്യതയുള്ളതിനു താഴെ ക്യാമ്പ്സൈറ്റ് പ്രവര്ത്തിക്കരുത്.

2.8. ഹൈ ടെന്ഷന് വയറുകള്ക്കു താഴെ ടെന്റുകള് സ്ഥാപിക്കാതിരിക്കുന്നതാണ് അഭികാമ്യം. ഹൈ ടെന്ഷന് വയറുകളില് നിന്ന് 50 അടിയില് കുറവ് അകലത്തില് ടെന്റ് സ്ഥാപിക്കരുത്. ക്യാമ്പ് സൈറ്റുകളില് ഹൈ

ടെന്ഷന് വയറുകള്ക്കു താഴെ 14
അടിയില് കൂടുതല് ഉയരത്തില് യാതൊരുതരത്തിലുള്ള
നിര്മ്മിതികളും പാടില്ല.

പ്രധാനപ്പെട്ട വിവരം: മുകളില് പറഞ്ഞിട്ടുള്ള
മാര്ഗനിര്ദേശങ്ങള് കൂടാതെ സര്ക്കാര് പുറപ്പെടുവിച്ചിട്ടുള്ള
എന്തെങ്കിലും തരത്തിലുള്ള മുന്നറിയിപ്പോ വിലക്കോ ആ
പ്രദേശത്ത് നിലനില്ക്കുന്നുണ്ടെങ്കില് അതും
പാലിക്കപ്പെടേണ്ടതാണ്.

3. ടെന്റുകള്ക്ക് ആവശ്യമായ മുന്കരുതലുകള്

ഭദ്രവും സുരക്ഷിതവുമായ ക്യാമ്പിങ്ങിന് താഴെപറയുന്ന
കാര്യങ്ങള് ഉറപ്പാക്കുക

ടെന്റുകള്, സ്ലീപ്പിങ്ങ് ബാഗുകള്, ഗ്രൗണ്ട് ഷീറ്റുകള്,
ലൈനറുകള് തുടങ്ങി എല്ലാ ക്യാമ്പ് സജ്ജീകരണങ്ങളും
ഗുണനിലവാരമുള്ളവയും നന്നായി സംരക്ഷിക്കപ്പെടുന്നവയും
ആയിരിക്കണം.
ഓരോ ഉപയോഗത്തിനു ശേഷവും എല്ലാ ക്യാമ്പ്
സജ്ജീകരണങ്ങളും അണുവിമുക്തമാക്കി, കഴുകി
വെയിലത്തുണക്കി സൂക്ഷിക്കണം.
ടെന്റിന്റെ ശേഷിയ്ക്കു തുല്യമോ അതില് കുറവോ എണ്ണം
വ്യക്തികളെയേ ടെന്റില് താമസിക്കാന് അനുവദിക്കാവൂ.
ഉയര്ന്ന പ്ലാറ്റ്ഫോമിലോ തൂണുകളില് ഉറപ്പിച്ച അടിസ്ഥാനത്തിനു
മുകളിലോ ടെന്റുകള് സ്ഥാപിക്കുന്നതാണ് ഉത്തമം. പ്ലാറ്റ്
ഫോമുകള് തമ്മില് ആവശ്യത്തിനു അകലമുണ്ടായിരിക്കണം.
പ്ലാറ്റ്ഫോമുകള്ക്കിടയിലും പൊതുസ്ഥലത്തേക്കുമുള്ള നടപ്പാത
വ്യക്തവും സുഗമമായി സഞ്ചരിക്കാവുന്ന
തരത്തില് സുരക്ഷിതവുമായിരിക്കണം.
തറയില് നേരിട്ട് ഉറപ്പിച്ചിട്ടുള്ള ടെന്റുകളുടെ (അതായത്
തൂണുകളില് ഉയര്ത്തിയ അടിസ്ഥാനമില്ലാതെ) അടിവശത്തെ
അരികുകള് അടച്ചവയും വാതില് ഉപയോഗക്ഷമമായ
സിപ്പര് കൊണ്ടു തുറക്കാവുന്നവയും ആയിരിക്കണം. ടെന്റിന്റെ
ഉള്വശം പാമ്പ്, തേള്, ചിലന്തി തുടങ്ങിയ
ഇഴജന്തുക്കള് കയറാത്ത തരത്തില് ഭദ്രമാക്കിയിരിക്കണം.

4. വെള്ളത്തിലുള്ള ക്യാമ്പിങ്ങിനു (പൊങ്ങിക്കിടക്കുന്ന
ടെന്റുകള്) സ്വീകരിക്കേണ്ട മുന്കരുതലുകള്

കാറ്റുനിറയ്ക്കാവുന്ന റാഫ്റ്റ് പോലെയുള്ളവയാണ്
പൊങ്ങിക്കിടക്കുന്ന ടെന്റുകള്. വെള്ളത്തില് ക്യാമ്പ്
ചെയ്യാന് സൗകര്യമൊരുക്കുന്ന ഇത്തരം ടെന്റുകള്ക്ക്
ലോകമെങ്ങും പ്രചാരമേറി വരികയാണ്. സാധാരണ
ടെന്റുകള് പോലെ തൂണുകളുടെ സഹായമില്ലാതെ തന്നെ
ഉയര്ത്താവുന്നവയാണിവ.

പൊങ്ങിക്കിടക്കുന്ന ടെന്റുകള് ഒഴുകിപ്പോകാതിരിക്കാന് ഒന്നോ
അതിലധികമോ കയറുകള് കൊണ്ട് കരയുമായി
ബന്ധിപ്പിച്ചിരിക്കണം.

ടെന്റ് കിടക്കുന്ന സ്ഥലത്തെ വെള്ളത്തിന്റെ ആഴം 2 മീറ്ററില് കൂടരുത്.

ടെന്റ് വെള്ളം കടക്കാത്തതും കാറ്റിനെ പ്രതിരോധിക്കുന്നതുമായിരിക്കണം. നല്ലരീതിയില് സംരക്ഷിക്കുന്നതുമായിരിക്കണം.

ടെന്റിലേക്ക് കയറാനും ഇറങ്ങാനും സുഗമവും സുരക്ഷിതവുമായ സംവിധാനമുണ്ടായിരിക്കണം.

ആല്ക്കഹോള് ഉപയോഗിച്ച നിലയില് (ഏതളവിലും രൂപത്തിലും) അതിഥികളെ പൊങ്ങിക്കിടക്കുന്ന ടെന്റുപയോഗിക്കാന് അനുവദിക്കരുത്.

വിനോദ ഉപാധികള് ആവശ്യത്തിന് ഉണ്ടായിരിക്കണം.

ഒഴുക്കുള്ള നദികളിലും മിന്നല്പ്രളയ സാദ്ധ്യതയുള്ള നദികളിലും ഈ ടെന്റുകള് ഉപയോഗിക്കരുത്. ഒഴുക്കുള്ള ജലാശയങ്ങളില് മണ്സൂണ് കാലത്തും അമിതമായ മഴയും കാറ്റുമുള്ളപ്പോഴും പൊങ്ങിക്കിടക്കുന്ന ടെന്റുകള് ഉപയോഗിക്കരുത്.

കാലാവസ്ഥ വകുപ്പും ദുരന്തനിവാരണ സേന അധികൃതരും പുറപ്പെടുവിക്കുന്ന മാര്ഗനിര്ദേശങ്ങളും കാലാവസ്ഥ ബുള്ളറ്റിനുകളും വെള്ളത്തിലുള്ള ക്യാമ്പ് സംഘടിപ്പിക്കുന്നവര് ശ്രദ്ധിക്കേണ്ടതാണ്.

5. ഉള്നാടന് പ്രദേശങ്ങളിലും ഗ്രാമങ്ങളിലും ക്യാമ്പിങ്ങ് സംഘടിപ്പിക്കുമ്പോള് -
ഉള്നാടന് ഗ്രാമങ്ങളിലെ ക്യാമ്പിങ്ങിന് ഇപ്പോള് ജനപ്രിയത ഏറിവരികയാണ്. അതുകൊണ്ടുതന്നെ വ്യക്തമായ മാര്ഗനിര്ദേശങ്ങള് ആവശ്യമാണ്. താഴെപ്പറയുന്ന നിര്ദ്ദേശങ്ങള് ഉള്നാടന് പ്രദേശങ്ങളിലും ഗ്രാമങ്ങളിലും ക്യാമ്പിങ്ങ് സംഘടിപ്പിക്കുമ്പോള് പാലിക്കേണ്ടതാണ്.

ക്യാമ്പിങ്ങ് സൈറ്റില് ശുദ്ധജല ലഭ്യത, സുരക്ഷാ വെളിച്ചം (വൈദ്യുതിയോ മറ്റു പരമ്പരാഗത ഊര്ജസ്രോതസോ ഉപയോഗിച്ചുള്ളത്) എന്നിവ ഉറപ്പാക്കണം.

ക്യാമ്പിങ്ങ് വേളയില് പ്രകൃതിയുടെയും മറ്റു മനുഷ്യരുടെയും സ്വകാര്യതയ്ക്ക് ഭംഗം വരുന്നില്ലെന്ന് ഉറപ്പാക്കണം.

ശബ്ദം പരിമിതമായിരിക്കണം, പ്രത്യേകിച്ചും രാത്രികാലങ്ങളില്. സുരക്ഷയും സൗകര്യവും ആവശ്യപ്പെടുന്ന വെളിച്ചസംവിധാനം ഉണ്ടായിരിക്കണം, എന്നാല് അത് തദ്ദേശവാസികള്ക്കും പരിസരവാസികള്ക്കും അലോസരമുണ്ടാക്കുന്ന തരത്തിലായിരിക്കരുത്.

പ്രകൃതിസൗഹൃദവും സ്ഥിരമായതുമായ മാലിന്യ സംസ്ക്കരണ നയം പിന്തുടരണം.

ക്യാമ്പ് സൈറ്റ് വൃത്തിയും വെടിപ്പുമുള്ളതായിരിക്കണം. ക്യാമ്പ് സൈറ്റില് മാലിന്യം ശേഖരിക്കാനും സംസ്ക്കരിക്കാനും നിര്മാര്ജനം ചെയ്യാനുമുള്ള സൗകര്യമുണ്ടായിരിക്കണം.

പരിസരമലിനീകരണം ഉണ്ടാക്കുന്ന തരത്തിലോ ആരോഗ്യത്തിന് ഹാനികരമായ രീതിയിലോ ആയിരിക്കരുത് ക്യാമ്പിലുണ്ടാവുന്ന മാലിന്യങ്ങള് കൈകാര്യം ചെയ്യുന്നത്. കൊതുക്, ഈച്ച തുടങ്ങിയവ വളരാനിടയാക്കുന്ന സാഹചര്യങ്ങള് അനുവദിക്കുന്നതല്ല.

6. ജോലിക്കാരുടെ യോഗ്യത

ടെന്റ് കെട്ടിയുള്ള ക്യാമ്പുകള് നടത്തി കുറഞ്ഞത് 2 വര്ഷത്തെ പ്രവൃത്തിപരിചയമുള്ള ഒരാളെങ്കിലും ടീം ലീഡറായോ ക്യാമ്പ് ഇന്ചാര്ജ്ജായോ ഉണ്ടായിരിക്കണം.

സാധുവായ പ്രഥമചികിത്സ സര്ട്ടിഫിക്കറ്റും കുറഞ്ഞത് ഒരുവര്ഷത്തെ പ്രവൃത്തിപരിചയവുമുള്ള ഒരു ആക്ടിവിറ്റി ലീഡറെങ്കിലും ഉണ്ടായിരിക്കണം. മറ്റു സഹായികള് പ്രാഥമികചികിത്സ നല്കുന്നതില് (ഔദ്യോഗികമായോ അല്ലാതെയോ) പരിശീലനം നേടിയിട്ടുള്ളവരായിരിക്കണം.

എല്ലാ ജീവനക്കാരും പ്രത്യേകിച്ച് ടീം ലീഡര് പരിസരത്തുള്ള സസ്യജന്തുജാലങ്ങളെ കുറിച്ച് അറിവുള്ളവരായിരിക്കണം. പ്രത്യേകിച്ചും ക്യാമ്പ് സൈറ്റിനു ചുറ്റും സാന്നിദ്ധ്യമുള്ള വന്യമൃഗങ്ങളെക്കറിച്ച്.
ക്യാമ്പ് സൈറ്റിലെ ജീവനക്കാരുടെയും അതിഥികളുടെയും അനുപാതം 1:10 എന്ന നിരക്കിലായിരിക്കണം. ഏറ്റവും കുറഞ്ഞത് 2 പേര്. കാടിനോടു ചേര്ന്നുള്ള ക്യാമ്പ് സൈറ്റിലെ ജീവനക്കാരുടെയും അതിഥികളുടെയും അനുപാതം 1:6 എന്ന നിരക്കിലായിരിക്കണം. ഏറ്റവും കുറഞ്ഞത് 3 പേര്.

കാടിനോടു ചേര്ന്നുള്ള ക്യാമ്പുകളില് 24x7 കാവലുണ്ടായിരിക്കണം. വന്യമൃഗങ്ങളുടെ കടന്നുകയറ്റം ഒഴിവാക്കാനായി ജോലിക്കാര് ഊഴമിട്ട് കാവല് ജോലി തുടരേണ്ടതാണ്. കാവല് ജോലിയിലുള്ള വാച്ചര്മാര് ശക്തിയേറിയ വെളിച്ചമുള്ള ഫ്ളാഷ് ലൈറ്റുകള് കൂടെ കരുതേണ്ടതാണ്. ക്യാമ്പ് സൈറ്റില് വന്യമൃഗങ്ങളുടെ കടന്നുകയറ്റമുണ്ടായാല് അത് മറ്റുള്ളവരെ അറിയിക്കാനുള്ള അപകടസൂചന മുന്നറിയിപ്പ് സംവിധാനമുണ്ടായിരിക്കണം.

ജീവനക്കാര് മതിയായ പരിശീലനം ലഭിച്ചവരായിരിക്കണം.

7. ക്യാമ്പുകളിലെ ഭക്ഷ്യസുരക്ഷ

ക്യാമ്പുകളില് ഭക്ഷണം പാകംചെയ്യല് ഒഴിവാക്കാനാവില്ല. ഭക്ഷണം പാകം ചെയ്യുമ്പോള് മതിയായ സുരക്ഷാ ക്രമീകരണങ്ങള് ഉണ്ടായിരിക്കണം. ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും വേണം.

ലോകാരോഗ്യ സംഘടന പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷിതമായ ഭക്ഷണത്തിനാവശ്യമായ അഞ്ചു പ്രധാന ഘടകങ്ങള് ക്യാമ്പ് സൈറ്റില് പാലിക്കേണ്ടതാണ്. ഇവയാണവ: (1)പരിസരശുചിത്വം പാലിക്കുക (2) പാകം ചെയ്യാത്തതും ചെയ്തതുമായ ഭക്ഷണം വെവ്വേറെ സൂക്ഷിക്കുക (3) ഭക്ഷണം നല്ലതുപോലെ പാകംചെയ്ത് ഉപയോഗിക്കുക (4) സുരക്ഷിതമായ ഊഷ്മാവില് ഭക്ഷണം സൂക്ഷിക്കുക (5) ശുദ്ധജലവും നല്ല ഭക്ഷ്യവസ്തുക്കളും ഉപയോഗിക്കുക.

ടെന്റിനുള്ളില് ഭക്ഷണം പാകം ചെയ്യാനായി തീ കത്തിക്കരുത്.

എസ്ഒാപിയും (SOP) പ്രവര്ത്തന നിര്ദേശങ്ങളും

സ്റ്റാന്ഡേര്ഡ് ഓപ്പറേറ്റിങ്ങ് പ്രൊസിജ്യര് (SOP) പാലിക്കുകയും ജീവനക്കാര്ക്ക് അതേക്കുറിച്ച് ധാരണയുണ്ടായിരിക്കുകയും വേണം

ക്യാമ്പ് സൈറ്റില് ഒരു ബോര്ഡില് സുരക്ഷാ നിര്ദേശങ്ങള് വ്യക്തമായി പ്രദര്ശിപ്പിച്ചിരിക്കണം.

ക്യാമ്പിങ്ങ് സൈറ്റിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും ചെയ്യാവുന്നതും ചെയ്യരുതാത്തതുമായ കാര്യങ്ങളുടെ ലിസ്റ്റ് പ്രദര്ശിപ്പിച്ചിരിക്കണം. അതിഥികള് വരുന്നതിനു മുമ്പ് ക്യാമ്പ് സൈറ്റും ടെന്റുകളും പരിശോധിച്ച് പാമ്പ്, തേള്, ചിലന്തി തുടങ്ങിയവയൊന്നുമില്ലെന്ന് ഉറപ്പാക്കണം.

വിവരണം - ചെക്ക്ഇന്/ടെന്റില് പ്രവേശിക്കുന്നതിനു മുമ്പായി ടീം ലീഡര് താഴെ പറയുന്ന കാര്യങ്ങള് അതിഥികളോട് അറിയിച്ചിരിക്കണം.

റിസപ്ഷന്, മെഡിക്കല് സൗകര്യങ്ങള്, ഭക്ഷണ കഴിക്കാനുള്ള സ്ഥലം, ശൗചാലയം തുടങ്ങി ക്യാമ്പിങ്ങ് സൈറ്റിലെ സൗകര്യങ്ങളെ കുറിച്ച്.
കാലാവസ്ഥ മുന്നറിയിപ്പ്: പ്രതീക്ഷിക്കുന്ന മഴ/തണുപ്പ്/ചൂട് തുടങ്ങിയ കാലാവസ്ഥ മുന്നറിയിപ്പുകള് ടീം ലീഡര് അതിഥികളെ അറിയിക്കേണ്ടതാണ്.

കടല്ത്തീരം/ജലാശയങ്ങള്/ മല എന്നിവയുടെ സമീപത്താണ് ക്യാമ്പെങ്കില് തിരമാല, വെള്ളപ്പൊക്കം, ഇടിമിന്നല് തുടങ്ങിയവയുടെ അപകട സാദ്ധ്യതയെ കുറിച്ച് വിവരമറിയിച്ചിരിക്കണം.

അടിയന്തര സാഹചര്യമുണ്ടായാലുള്ള നടപടികളെ കുറിച്ചും സുരക്ഷിതമായി ഒത്തുകൂടാനുള്ള സ്ഥലത്തെ കുറിച്ചും പറയണം.

കാടിനോടു ചേര്ന്നോ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ളതോ ആയ സ്ഥലങ്ങളിലെ ക്യാമ്പുകളില് താഴെ പറയുന്ന കാര്യങ്ങളെ കുറിച്ച് അതിഥികളെ ധരിപ്പിച്ചിരിക്കണം.

വന്യമൃഗങ്ങളുടെ പെരുമാറ്റം മുന്കൂട്ടിപ്പറയാനാവില്ല.
മൃഗങ്ങളുടെ തൊട്ടടുത്ത് പോകുന്നത് അപകടകരമാണ്.
ക്യാമ്പംഗങ്ങള് രാത്രികാലത്ത് ക്യാമ്പ് പരിസരത്ത് ഇറങ്ങിനടക്കരുത്.
വന്യമൃഗങ്ങളില് കുഞ്ഞുങ്ങളോടൊത്തുള്ള അമ്മമാര് കൂടുതല് അപകടകാരികളാണ്.
സൗമ്യമായ മൃഗങ്ങളെപ്പോലും ഫ്ളാഷിന്റെ വെളിച്ചം വിറളിപിടിപ്പിക്കും.
മൃഗങ്ങള്ക്ക് ഭക്ഷണം നല്കരുത്. ചില മൃഗങ്ങള് ഭക്ഷണത്തിനു വേണ്ടിയും ആക്രമിച്ചെന്നിരിക്കാം. ഉദാഹരണത്തിന് കുരങ്ങുകള് ഭക്ഷണം തട്ടിപ്പറിയ്ക്കാം.
പാമ്പുകളെ കൈകാര്യം ചെയ്യുന്നത് അപകടമാണ്.
ഉച്ചത്തിലുള്ള ശബ്ദം മൃഗങ്ങളെ അസ്വസ്ഥരാക്കുകയോ പ്രകോപിതരാക്കുകയോ ചെയ്യാം.
വന്യമൃഗങ്ങളുടെ ആക്രമണസാദ്ധ്യതയെ കുറിച്ചും അങ്ങനെ സംഭവിച്ചാല് എടുക്കുന്ന നടപടികളെക്കുറിച്ചും അതിഥികള്ക്ക് വിവരം നല്കിയിരിക്കണം. ആന പോലുള്ള വലിയ മൃഗങ്ങളുടെ ആക്രമണം, തേനീച്ചകളുടെ ആക്രമണം എന്നിവ ഇതിലുള്പ്പെടും.

അടിയന്തര കര്മ്മ പരിപാടി (എമര്ജന്സി ആക്ഷന് പ്ളാന്) യും അപകടതീവ്രത കുറയ്ക്കലും

അപകടസാദ്ധ്യത എത്രത്തോളമുണ്ടെന്ന് അറിയാനുള്ള പഠനം നടത്തി രേഖയായി സൂക്ഷിക്കണം.
അടിയന്തര കര്മ്മ പരിപാടിയ്ക്ക് രൂപം നല്കുകയും ജീവനക്കാര്ക്ക് ഇതു സംബന്ധിച്ച് തുടര്ച്ചയായ പരിശീലനം നല്കുകയും വേണം.

മൃഗങ്ങളുടെ ആക്രമണമോ പ്രളയമോ പോലുള്ള അടിയന്തിര ഘട്ടങ്ങളില് ആളുകളെ ഒഴിപ്പിക്കാനുള്ള വഴികള്, അടിയന്തര കര്മ്മ പരിപാടി എന്നിവ തയ്യാറാക്കുകയും രേഖപ്പെടുത്തിവെയ്ക്കുകയും വേണം. അധികൃതര് ആവശ്യപ്പെട്ടാല് ക്യാമ്പ് സംഘാടകന് ഇത് ഹാജരാക്കേണ്ടതാണ്.
ക്യാമ്പ് സൈറ്റില് വന്യമൃഗ ആക്രമണമുണ്ടായാല് അതിഥികള്ക്ക് അവരുടെ ടെന്റുകളില് നിന്ന് ഉറപ്പുള്ള കെട്ടിടത്തില് അഭയം തേടാനുള്ള വഴിയും അടിയന്തര കര്മ്മ പരിപാടിയില് ഉള്പ്പെടുത്തിയിരിക്കണം.
ശരിയായ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം ഉണ്ടായിരിക്കണം.
അപകട കണക്കുകളുടെ വിശകലനം തയ്യാറാക്കി സൂക്ഷിക്കണം.

10. അഗ്നിരക്ഷാ നടപടികള്:

ക്യാമ്പ് സ്ഥാപിക്കുന്നതിന് മുമ്പ് ക്യാമ്പ് സൈറ്റിനുദ്ദേശിക്കുന്ന സ്ഥലത്ത് തീ കത്തിക്കുന്നതിന് ഏതെങ്കിലും തരത്തില് നിയമപ്രകാരമുള്ള വിലക്കില്ല എന്നുറപ്പാക്കണം. തീ കത്തിക്കാന് വിലക്കില്ലാത്ത സ്ഥലമാണെങ്കില്പ്പോലും മതിയായ അഗ്നിരക്ഷാ സംവിധാനങ്ങള് ഉണ്ടായിരിക്കണം. തീ കത്തിക്കുന്നതിന് മുമ്പ് പരിസരത്ത് ചാഞ്ഞുനില്ക്കുന്ന മരക്കൊമ്പുകളോ ചപ്പുചവറുകളോ ഇല്ലെന്ന് ഉറപ്പു വരുത്തണം. ക്യാമ്പ് ഫയര് ഏരിയ: ക്യാമ്പ്ഫയറിന് തീ കത്തിക്കാനുള്ള ഫയര്് പിറ്റോ ഫയര് റിങ്ങോ ഉള്ള നിശ്ചിതമായൊരു സ്ഥലം ഉണ്ടായിരിക്കണം. ടെന്റ്ുകളില്നിന്നും തീ പിടിക്കാന് സാധ്യതയുള്ള വസ്തുക്കളില് നിന്നും ചുരുങ്ങിയത് 6 മീറ്റര് അകലെയായിരിക്കണം ക്യാമ്പ് ഫയര് ഏരിയ.

തീയണക്കാന് സഹായിക്കുന്ന അഗ്നിശമനോപാധികള് അടക്കമുള്ള വസ്തുക്കള് എപ്പോഴും ലഭ്യമായിട്ടുള്ള ഒരു ഫയര് പോയിന്റ് ക്യാമ്പിങ്ങ് പരിസരത്തുണ്ടായിരിക്കണം.

കുറഞ്ഞത് 1 ബക്കറ്റ് (15 ലിറ്റര് ശേഷിയെങ്കിലുമുള്ള) നിറയെ വെള്ളമെങ്കിലും തീ കത്തിക്കുന്ന സ്ഥലത്തുനിന്നും 10 അടി അകലത്തില് ഉണ്ടായിരിക്കണം.
ക്യാമ്പ് ഫയറിന് 6 അടിയില്ക്കൂടുതല് വ്യാസമുണ്ടായിരിക്കരുത്. സുരക്ഷിതത്വം മുന്നിര്ത്തി ക്യാമ്പ്ഫയര് പരമാവധി ചെറുതായി ഒരുക്കുന്നതാണ് എപ്പോഴും നല്ലത്.
കാടിനോടു ചേര്ന്നുള്ള ക്യാമ്പ്സൈറ്റുകളില് തീ രാത്രിമുഴുവന് അണയ്ക്കാതെ നിര്ത്തുന്നത് നല്ലതാണ്, എന്നാല് എപ്പോഴും ആളുകളുടെ മേല്നോട്ടത്തിലായിരിക്കണം.

തീ പൂര്ണമായും അണയാതെ ജീവനക്കാര് പരിസരം വിട്ടുപോകരുത്.

ജീര്ണ്ണിക്കുന്ന മാലിന്യങ്ങള്/ഹാനികരമായ മാലിന്യങ്ങള് എന്നിവ ക്യാമ്പിങ്ങ് സൈറ്റില് കത്തിക്കുന്നത് അനുവദിക്കില്ല.

ക്യാമ്പ് തല്ക്കാലത്തേക്കോ സ്ഥിരമായോ വിട്ടുപോരുന്നതിനുമുമ്പ് തീ അണച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

ക്യാമ്പ്സൈറ്റുകളില് അഗ്നിശമനോപാധികള് തീര്ച്ചയായും ഉണ്ടായിരിക്കണം.

ടെന്റിനകത്ത് ഭക്ഷണം പാകം ചെയ്യാനായി തീ കത്തിക്കരുത്.

## 11. മെഡിക്കല് സൗകര്യങ്ങള്

അവശ്യമായ വസ്തുക്കള് അടങ്ങിയ ഫസ്റ്റ് എയിഡ് കിറ്റ് (ഉപയോഗക്ഷമമായത്) ഉണ്ടായിരിക്കണം. അതില് താഴെപ്പറയുന്ന വസ്തുക്കള് ഉണ്ടായിരിക്കണം.
ബാന്ഡ് എയിഡ് (പ്ളാസ്റ്റര്), അണുവിമുക്തമാക്കിയ മുറിവു കെട്ടാനുപയോഗിക്കുന്ന തുണി, ആവശ്യത്തിന് പഞ്ഞി, ഒട്ടിക്കുന്ന ടേപ്പ്, അണുവിമുക്തമാക്കിയ ഡിസ്

പോസിബിള് കൈയുറകള്, വോളിനി പോലുള്ള വേദനസംഹാരി സ്പ്രേകള്, ഡെറ്റോള് അഥവാ തത്തുല്യ അണുനാശിനി ലായനികള്, ഡയേറിയയ്ക്കുള്ള ഗുളികകള് എന്നിവ.

സാധുവായ പ്രഥമചികിത്സാ സര്ട്ടിഫിക്കറ്റും ചുരുങ്ങിയത് ഒരുവര്ഷത്തെ പ്രവൃത്തിപരിചയവുമുള്ള ഒരു ജീവനക്കാരനെങ്കിലും ഉണ്ടായിരിക്കണം.

തൊട്ടടുത്തുള്ള ആശുപത്രികള്, ഡോക്ടര്മാര്, ആംബുലന്സ് സൗകര്യം, മറ്റു ചികിത്സാ സൗകര്യങ്ങള് എന്നിവരുടെ ബന്ധപ്പെടാനുള്ള വിലാസം എപ്പോഴും കരുതിയിരിക്കണം.

12. മാലിന്യ നിര്മാര്ജനം

പരിസ്ഥിതി സൗഹൃദവും സ്ഥിരമായതുമായ മാലിന്യനിര്മാര്ജന നയം സ്വീകരിച്ചിരിക്കണം.
ക്യാമ്പ് സംഘാടകന് "ഗ്രീന് പ്രോട്ടോക്കോളും" "ലീവ് നോ ട്രേസ്" നയവും എപ്പോഴും പാലിക്കണം.

ക്യാമ്പ് സൈറ്റ് എപ്പോഴും വൃത്തിയും വെടിപ്പുമായി സൂക്ഷിക്കണം. മാലിന്യങ്ങള് ഉറവിടത്തില് തന്നെ വേര്തിരിക്കാവുന്ന തരത്തില് ജീര്ണിക്കുന്നവ (അടുക്കള മാലിന്യം) അജീര്ണ വസ്തുക്കള് (തെര്മോക്കോള് വസ്തുക്കള്, അലുമിനിയം ഫോയില്, സിഗററ്റ് കുറ്റികള് തുടങ്ങിയവ) റീസൈക്കിള് ചെയ്യാവുന്നവ (പത്രങ്ങള്, കുപ്പികള്, ക്യാനുകള് തുടങ്ങിയവ) എന്നിങ്ങനെ തരംതിരിച്ചു സംഭരിക്കാനുള്ള സൗകര്യമൊരുക്കിയിരിക്കണം.

ക്യാമ്പിങ്ങ് സൈറ്റുകളില് മാലിന്യസംഭരണം, സംസ്ക്കരണം, നിര്മാര്ജനം എന്നിവയ്ക്കുള്ള സുരക്ഷിതവും ശരിയായതുമായ സംവിധാനമുണ്ടായിരിക്കണം.

പ്രകൃതിയോടിണങ്ങുന്നതും തദ്ദേശീയവുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

പരിസരമലിനീകരണം ഉണ്ടാക്കുന്ന തരത്തിലോ ആരോഗ്യത്തിന് ഹാനികരമായ രീതിയിലോ ആയിരിക്കരുത് ക്യാമ്പിലുണ്ടാവുന്ന മാലിന്യങ്ങള് കൈകാര്യം ചെയ്യുന്നത്. കൊതുക്, ഈച്ച തുടങ്ങിയവ വളരാനിടയാക്കുന്ന സാഹചര്യങ്ങള് അനുവദിക്കുന്നതല്ല.

അരുവികളോ പുഴകളോ പോലുള്ള ജലസ്രോതസുകളില് മാലിന്യം കലരാനുള്ള ഒരവസരവും ഉണ്ടാക്കരുത്.

താല്ക്കാലികമായി സ്ഥാപിക്കുന്ന, സ്ഥിരം ശൗചാലയ സൗകര്യങ്ങള് ഇല്ലാത്ത ക്യാമ്പ് സൈറ്റുകളില് അതേ ആവശ്യത്തിനായി ടെന്റോ കുഴിയോ എടുക്കുമ്പോള് അത് ക്യാമ്പ്സൈറ്റിന് തൊട്ടടുത്താവരുത്.
ശുചിത്വകാരണങ്ങള് മുന്നിര്ത്തി ടെന്റിനും പുഴയോ കുളമോ

പോലുള്ള ജലസ്രോതസുണ്ടെങ്കില് അതിനും 50 മീറ്ററെങ്കിലും അകലെയായിരിക്കണം കുഴി എടുക്കേണ്ടത്. കുഴിയ്ക്ക് ചുരുങ്ങിയത് ആറിഞ്ച് താഴ്ച്ചയെങ്കിലും ഉണ്ടായിരിക്കണം. വിസര്ജനത്തിനു ശേഷം ടോയ്ലറ്റ് പേപ്പര് ആ കുഴിയില്ത്തന്നെ നിക്ഷേപിച്ച് കുഴി മണ്ണും കരിയിലകളും ഇട്ട് മൂടേണ്ടതാണ്.

13. ഡോക്യുമെന്റേഷന്
എല്ലാ ക്യാമ്പ് സംഘാടകരും താഴെപ്പറയുന്ന രേഖകള് കൈവശം വെയ്ക്കേണ്ടതും
അധികൃതര് ആവശ്യപ്പെടുമ്പോള് ഹാജരാക്കേണ്ടതുമാണ്.

ടീം ലീഡറുടെയും മറ്റെല്ലാ ജീവനക്കാരുടെയും വിശദാംശങ്ങളും സര്ട്ടിഫിക്കറ്റുകളുടെയും പ്രവൃത്തിപരിചയ സര്ട്ടിഫിക്കറ്റുകളുടെയും പകര്പ്പുകളും.

എല്ലാ പെര്മിറ്റുകളുടെയും ബന്ധപ്പെട്ട അധികാരികളില് നിന്നുള്ള എന്ഓസിയുടെയും പകര്പ്പുകള്.
ഇന്ഷുറന്സ് കവറേജിന്റെ പകര്പ്പുകള്
സ്റ്റാന്ഡേര്ഡ് ഓപ്പറേഷന് പ്രൊസീജിയര് (എസ്ഓപി),
ക്യാമ്പിന്റെ രേഖാചിത്രം, അഗ്നിരക്ഷാമാര്ഗം എന്നിവയുടെ പകര്പ്പുകള്
നിലവിലുള്ള അടിയന്തിര സഹായ നമ്പറുകളുടെയും ചികിത്സാ സൗകര്യങ്ങളുടെയും ലിസ്റ്റ്
അതിഥികളുടെ പേരും വിലാസവും
കൃത്യമായി അടയാളപ്പെടുത്തിയ പരാതി/അഭിപ്രായ രജിസ്റ്റര് ഏതുസമയത്തും ലഭ്യമായിരിക്കണം.
അതിഥികളില് നിന്നുള്ള അഭിപ്രായങ്ങള് ശേഖരിച്ച് കെഎടിപിഎസ് (കേരള അഡ്വഞ്ചര് ടൂറിസം പ്രൊമോഷന് സൊസൈറ്റി)ല് അറിയിച്ചിരിക്കേണ്ടതാണ്.
ക്യാമ്പിങ്ങ് സൈറ്റില് പാലിക്കേണ്ട സുരക്ഷാ മുന്കരുതലുകളെ പറ്റിയുള്ള മുന്നറിയിപ്പ് ബോര്ഡുകള് ക്യാമ്പ് സംഘാടകന് പ്രദര്ശിപ്പിച്ചിരിക്കണം. ചുരുങ്ങിയത് A3ഷീറ്റിന്റെ വലിപ്പമുള്ള (12 x 16.5)വ്യക്തമായി കാണാവുന്ന തരത്തിലുള്ളതായിരിക്കണം ബോര്ഡ്. ക്യാമ്പിങ്ങ് സൈറ്റില് കെഎടിപിഎസിലേക്ക് നേരിട്ട് അഭിപ്രായങ്ങള് അറിയിക്കാന് സഹായകമാവുന്ന ഒരു QR സ്കാനര് സ്ഥാപിക്കുന്നത് അഭികാമ്യമാണ്.

അപകടക്കണക്കുകളുടെ വിശകലനം തയ്യാറായിരിക്കണം

ഭാഗം 2
ക്യാമ്പിങ്ങിനുള്ള രജിസ്ട്രേഷന് നടപടിക്രമം

ടെന്റ് ക്യാമ്പ് സംഘടിപ്പിക്കാന് താത്പര്യമുള്ളവരെല്ലാം വാണിജ്യാടിസ്ഥാനത്തില് ടെന്റ് ക്യാമ്പിങ്ങ് സംഘടിപ്പിക്കാനായി കേരള സര്ക്കാര് ടൂറിസം വകുപ്പില് രജിസ്റ്റര് ചെയ്യേണ്ടതാണ്.

ഓണ്ലൈനായി അപേക്ഷിക്കുന്നതിനു മുമ്പ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പില് നിന്നുള്ള

എന്ഓസിയ്ക്കുള്ള അപേക്ഷ സമര്പ്പിച്ചതിന്റെ രസീത് നേടിയിരിക്കണം.

1. ക്യാമ്പിങ്ങിനുള്ള ഓണ്ലൈന് അപേക്ഷ സമര്പ്പിക്കല്

എല്ലാ അപേക്ഷകര്ക്കും താഴെ കാണുന്ന വെബ് സൈറ്റില് അപേക്ഷ ഓണ്ലൈനായി സമര്പ്പിക്കാവുന്നതാണ്.

www.keralaadventure.org
https://www.keralatourism.org/business/

അപേക്ഷ സമര്പ്പിക്കുന്നതിനു മുമ്പായി താഴെപ്പറയുന്ന രേഖകളുടെ ഡിജിറ്റല് കോപ്പികള് ഉണ്ടെന്നുറപ്പു വരുത്തുക.

നമ്പര് രേഖകള് പ്രസ്താവം
1 നോ ഒബ്ജക്ഷന് സര്ട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ വകുപ്പില് നിന്നുള്ള എന്ഓസിയ്ക്കുള്ള അപേക്ഷ സമര്പ്പിച്ചതിന്റെ രസീത്
2 രജിസ്ട്രേഷന് കോപ്പി കമ്പനി/സൊസൈറ്റി/പ്രൊപ്രൈറ്റര്ഷിപ്പ് /പാര്ട്നര്ഷിപ്പ്/മറ്റുള്ളവ തുടങ്ങിയവയില് ഏതെങ്കിലുമൊന്നായി രജിസ്റ്റര് ചെയ്തതിന്റെ കോപ്പി
3. ജിഎസ്ടി രജിസ്ട്രേഷന് സ്ഥാപനത്തിന്റെ ജിഎസ്ടി രജിസ്ട്രേഷന്റെ കോപ്പി (ലഭ്യമാണെങ്കില്)
4. ഉടമസ്ഥാവകാശം/സ്ഥലം ലീസിനെടുത്തതിന്റെ രേഖ ടെന്റുകള് സ്വന്തം സ്ഥലത്താണ് സ്ഥാപിച്ചിട്ടുള്ളതെങ്കില് - ഭൂനികുതി അടച്ചതിന്റെ ഏറ്റവും പുതിയ രസീത് ടെന്റുകള് ലീസിനെടുത്ത സ്ഥലത്താണ് സ്ഥാപിച്ചിട്ടുള്ളതെങ്കില് - സ്ഥലത്തിന്റെ ലീസ്/വാടക എഗ്രിമെന്റിന്റെ കോപ്പി
5. യോഗ്യത/പ്രവൃത്തിപരിചയം യോഗ്യത തെളിയിക്കുന്ന സര്ട്ടിഫിക്കറ്റ്/ ജീവനക്കാരുടെ പ്രവൃത്തിപരിചയം തെളിയിക്കുന്ന സര്ട്ടിഫിക്കറ്റ്
6. ഇന്ഷുറന്സ് പങ്കെടുക്കുന്നവര്ക്കും ജീവനക്കാര്ക്കുമുള്ള ഇന്ഷുറന്സ് കവറേജ് തെളിയിക്കുന്ന രേഖകളുടെ കോപ്പി
7. പ്രഥമചികിത്സാ പരിശീലന സര്ട്ടിഫിക്കറ്റ് പ്രഥമചികിത്സ& സിപിആര് പരിശീലന സര്ട്ടിഫിക്കറ്റ് (മൂന്നിലൊന്ന് ജീവനക്കാരുടെ)

2. രേഖകളുടെ പരിശോധന

മതിയായ രേഖകള്ക്കൊപ്പം അപേക്ഷ സമര്പ്പിച്ചുകഴിഞ്ഞാല് കെഎടിപിഎസ് രേഖകള് പരിശോധിക്കും. അപേക്ഷയും രേഖകളും തൃപ്തികരമാണെന്നു ബോധ്യപ്പെട്ടാല് ജില്ലാ അടിസ്ഥാനത്തില് ടൂറിസം വകുപ്പ് രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റി ക്യാമ്പ്സൈറ്റ് പരിശോധിക്കുകയും കെഎടിപിഎസിലൂടെ ക്യാമ്പ്സൈറ്റ് രജിസ്റ്റര് ചെയ്യാനുള്ള റിപ്പോര്ട്ട് ഓണ്ലൈനായി ടൂറിസം വകുപ്പ് ഡയറക്ടര്ക്ക് സമര്പ്പിക്കുകയും ചെയ്യും. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോര്ട്ടിന്റെ അടിസ്ഥാനത്തില് ടൂറിസം വകുപ്പ്

ഡയറക്ടര് അനുമതി നല്കുകയോ റദ്ദാക്കുകയോ
കൂടുതല് വിലയിരുത്തലിനായി ആവശ്യപ്പെടുകയോ ചെയ്യാം.

3. വിദഗ്ദ്ധ കമ്മിറ്റി
അപേക്ഷകര് സമര്പ്പിച്ചിട്ടുള്ള സാഹസിക
പ്രവര്ത്തനങ്ങള് വിലയിരുത്താനായി
ജില്ലാതലത്തില് രൂപീകരിച്ചിട്ടുള്ളതും ടൂറിസം വകുപ്പ്
ഡയറക്ടര് അനുമതി നല്കിയിട്ടുള്ളതുമായ കമ്മിറ്റിയാണ് വിദഗ്ദ്ധരുടെ കമ്മിറ്റി. താഴെ പറയുന്നതാണ് കമ്മിറ്റിയുടെ ഘടന.

1. ചെയര്മാന് - ഡെപ്യൂട്ടി ഡയറക്ടര്, ജില്ലാ ഓഫീസ്, ടൂറിസം വകുപ്പ്
2. കണ്വീനര് - സെക്രട്ടറി, ജില്ലാ ടൂറിസം പ്രമോഷന് കൗണ്സില് (ഡിടിപിസി)
3. മെമ്പര് - കേരള അഡ്വഞ്ചര് ടൂറിസം പ്രമോഷന് സൊസൈറ്റി(കെഎടിപിഎസ്)ന്റെ പ്രതിനിധി
4. മെമ്പര് - സാങ്കേതിക വിദഗ്ദ്ധന്

സാങ്കേതിക വിദഗ്ദ്ധന്: വിദഗ്ദ്ധ കമ്മിറ്റിയിലേക്ക് ടൂറിസം
ഡയറക്ടര് ഒരു സാങ്കേതിക വിദഗ്ദ്ധനെ നോമിനേറ്റ് ചെയ്യും. GO (Rt)No. 19/2012/TSM dated 23/01/2021പ്രകാരം
അഡ്വഞ്ചര് ടൂറിസം പ്രവര്ത്തനങ്ങള് പരിശോധിക്കുന്നതിനായി
സര്ക്കാര് അനുമതി നല്കിയിട്ടുള്ള "വിദഗ്ദ്ധരുടെ കമ്മിറ്റി
പാനലി"ല് നിന്നായിരിക്കും ഡയറക്ടര് ഒരാളെ
തെരഞ്ഞെടുക്കുന്നത്.
ഓണ്ലൈന് അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളില് സൈറ്റ്
പരിശോധനയും റിപ്പോര്ട്ട് തയ്യാറാക്കി സമര്പ്പിക്കലും
പൂര്ത്തിയാക്കിയെന്ന് വിദഗ്ദ്ധ കമ്മിറ്റി ഉറപ്പുവരുത്തും.
രജിസ്റ്റര് ചെയ്യാനോ നിരസിക്കാനോ ഉള്ള ഒരു റിപ്പോര്ട്ട് വിദഗ്ദ്ധ
കമ്മിറ്റി ഓണ്ലൈനായി സമര്പ്പിക്കുന്നതാണ്.

ടൂറിസം വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള "ടെന്റ് ക്യാമ്പിങ്ങിനുള്ള
മാര്ഗനിര്ദേശങ്ങളി"ല് പ്രതിപാദിച്ചിട്ടുള്ള സുരക്ഷാ
ക്രമീകരണങ്ങളില് വീഴ്ച്ച വന്നിട്ടുണ്ടെങ്കില് അപേക്ഷകന്റെ
രജിസ്ട്രേഷന് നിരസിക്കാനുള്ള അധികാരം ടൂറിസം വകുപ്പ്
ഡയറക്ടര്ക്കുണ്ട്. ഈയവസരത്തില് രജിസ്ട്രേഷനായി അടച്ച
അപേക്ഷാഫീസ് തിരികെ നല്കുന്നതല്ല.

4. രജിസ്ട്രേഷന്റെ കാലാവധി

രണ്ടുവര്ഷമാണ് രജിസ്ട്രേഷന്റെ കാലാവധി. കാലാവധി
തീരുന്നതനുസരിച്ച് ക്യാമ്പ് സംഘാടകന് അടുത്ത
രണ്ടുവര്ഷത്തേക്കുള്ള രജിസ്ട്രേഷന് പുതുക്കേണ്ടതാണ്.
നിലവിലുള്ള രജിസ്ട്രേഷന് കാലാവധി തീരുന്നതിന് 45 ദിവസം
മുമ്പെങ്കിലും പുതുക്കാനുള്ള അപേക്ഷ സമര്പ്പിക്കേണ്ടതാണ്.

5. അപ്പല്ലേറ്റ് അതോറിറ്റി
കെഎടിപിഎസിന്റെ പ്രതികരണത്തില് തൃപ്തരല്ലാത്ത
അപേക്ഷകര്ക്ക് അപ്പല്ലേറ്റ് അതോറിറ്റിയിലേക്ക് എഴുതാം.

അപ്പല്ലേറ്റ് അതോറിറ്റിയുടെ വിലാസം ഡയറക്ടര്, ടൂറിസം വകുപ്പ് , കേരള സര്ക്കാര്.

താഴെപ്പറയുന്ന കാരണങ്ങള്ക്കാണ് അപേക്ഷകന് അപ്പല്ലേറ്റ് അതോറിറ്റിയെ സമീപിക്കാനാവുക:
പ്രതികരണമില്ലാതിരിക്കുക: അപേക്ഷ സമര്പ്പിച്ച് 40 ദിവസം കഴിഞ്ഞിട്ടും പ്രതികരണമില്ലാതിരിക്കുകയാണെങ്കില്.
അപേക്ഷ നിരസിച്ചാല്.

6. അന്യായം ബോധിപ്പിക്കാനുള്ള നടപടിക്രമം
താഴെപ്പറയുന്നതാണ് ഏതൊരു അന്യായം ബോധിപ്പിക്കാനുമുള്ള നടപടിക്രമം:

അപേക്ഷകന് ആദ്യം എഴുതേണ്ടത് കേരള അഡ്വഞ്ചര് ടൂറിസം പ്രമോഷന് സൊസൈറ്റി(കെഎടിപിഎസ്)യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്ക്കാണ്. അപേക്ഷകന് തന്റെ അന്യായം ബോധ്യപ്പെടുത്തിക്കഴിഞ്ഞാല് കെഎടിപിഎസ് അപേക്ഷകനൊരു റഫറന്സ് നമ്പര് നല്കും.

അപേക്ഷകന് കെഎടിപിഎസിന്റെ പ്രതികരണം തൃപ്തികരമായില്ലെങ്കില് ഈ റഫറന്സ് നമ്പര് സൂചിപ്പിച്ചുകൊണ്ട് അപ്പല്ലേറ്റ് അതോറിറ്റിയില് അപ്പീല് നല്കാം.

7. പിഴയും നടപടിക്രമങ്ങളും

7.1. അപ്രതീക്ഷിത പരിശോധന
കെഎടിപിഎസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്ക്കോ ഡിടിപിസി സെക്രട്ടറിയ്ക്കോ അതല്ലെങ്കില് ടൂറിസം വകുപ്പ് ഡയറക്ടര് ചുമതലപ്പെടുത്തിയ വ്യക്തിയ്ക്കോ ടെന്റ് ക്യാമ്പിലെ ഉപകരണങ്ങളും സുരക്ഷാ ക്രമീകരണങ്ങളും ഏതുസമയത്തും മുന്കൂര് നോട്ടീസില്ലാതെ പരിശോധിക്കാനുള്ള അധികാരമുണ്ട്.

7.2. ഏതൊരു സാഹസിക വിനോദങ്ങള് സംഘടിപ്പിക്കുന്ന വ്യക്തി
a. വിനോദസഞ്ചാരിയ്ക്കോ/പൊതുജനത്തിനോ/മേല്പ്പറഞ്ഞയാളുടെ പ്രവൃത്തിമൂലം മൂന്നാമതൊരാള്ക്കോ/ നിരുത്തരവാദപരമായ പ്രവൃത്തിമൂലം/അശ്രദ്ധമൂലം/ ഉപയോഗക്ഷമമല്ലാത്ത ഉപകരണങ്ങള് ഉപയോഗിക്കുക മൂലം/ അപകടമോ മരണമോ സംഭവിച്ചാല്
b. മാര്ഗനിര്ദേശങ്ങള് പാലിക്കാതിരിക്കുകയോ നിര്ദേശിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങളില് വീഴ്ച വരുത്തുകയോ ചെയ്താല്
c. ക്യാമ്പ് സംഘാടകനും ജീവനക്കാര്ക്കുമെതിരായി പോലീസ് വെരിഫിക്കേഷന് റിപ്പോര്ട്ട് ലഭിച്ചാല്

7.3. പിഴ
ടൂറിസം മാര്ഗനിര്ദേശങ്ങളെ അടിസ്ഥാനമാക്കി സാഹസിക വിനോദങ്ങള്ക്കായുള്ള സംവിധാനത്തില് ബോധപൂര്വം വരുത്തുന്ന പിഴവുകള്, മാര്ഗനിര്ദേശങ്ങളുടെ ആദ്യലംഘനം എന്നിവയ്ക്ക് പ്രവൃത്തിയുടെ തീവ്രത അടിസ്ഥാനമാക്കി പ്രസ്

തുത സംഘാടകനെ ഒരാഴ്ച്ചക്കാലത്തേക്ക് സസ്പെന്ഡ് ചെയ്യാം. ടെന്റ് ക്യാമ്പിങ്ങ് മാര്ഗനിര്ദേശങ്ങള് ബോധപൂര്വം പാലിക്കാതിരിക്കുകയോ പിഴവുവരുത്തുകയോ ചെയ്തതായി പ്രഥമദൃഷ്ട്യാ തെളിഞ്ഞാല് കേരള അഡ്വഞ്ചര് ടൂറിസം പ്രമോഷന് സൊസൈറ്റി (കെഎടിപിഎസ്) യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസര് തീരുമാനിക്കുന്ന അത്രയും സമയം സംഘാടകന്റെ രജിസ്ട്രേഷന് സസ്പെന്ഡ് ചെയ്യാവുന്നതാണ്.

7.4. അപ്പീല്:
ആദ്യ അപ്പീല്: കേരള അഡ്വഞ്ചര് ടൂറിസം പ്രമോഷന് സൊസൈറ്റി (കെഎടിപിഎസ്) യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസര് പിഴയുടെ അടിസ്ഥാനത്തില് അയച്ച ഓര്ഡര് ലഭിച്ച ഏതൊരു വ്യക്തിയോ/സ്ഥാപനമോ ഓര്ഡര് ലഭിച്ച തിയതി മുതല് 15 ദിവസത്തിനകം ടൂറിസം വകുപ്പ് ഡയറക്ടര്ക്ക് (അപ്പല്ലേറ്റ് അതോറിറ്റി) ആദ്യ അപ്പീല് നല്കേണ്ടതാണ്.

രണ്ടാമത്തെ അപ്പീല്: അപ്പല്ലേറ്റ് അതോറിറ്റിയുടെ മറുപടി തൃപ്തികരമല്ലെങ്കില് വ്യക്തി/സ്ഥാപനത്തിന് ടൂറിസം വകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീല് നല്കാവുന്നതാണ്. ഇത് രണ്ടാം അപ്പീലാണ്. അപ്പല്ലേറ്റ് അതോറിറ്റിയുടെ മറുപടി ലഭിച്ച് 30 ദിവസത്തിനുള്ളിലാണ് രണ്ടാം അപ്പീല് നല്കേണ്ടത്.

8. രജിസ്ട്രേഷന് ഫീസ്

ടെന്റ് ക്യാമ്പിങ്ങിനുള്ള രജിസ്ട്രേഷന് ഫീസ്: ഒരു ക്യാമ്പിങ്ങ് സ്ഥലത്തിനായി നല്കുന്ന ഒരു അപേക്ഷയ്ക്ക് 5000 രൂപയാണ് (എല്ലാ നികുതികളും ഉള്പ്പെടെ) രജിസ്ട്രേഷന് ഫീസ്.

ഓണ്ലൈന് അപേക്ഷ സമര്പ്പിക്കുന്നതിനോടൊപ്പം തന്നെ രജിസ്ട്രേഷന് ഫീസും അടയ്ക്കേണ്ടതാണ്.
രജിസ്ട്രേഷനായുള്ള മാര്ഗനിര്ദേശങ്ങളില് പ്രസ്താവിച്ചിട്ടുള്ള അടിസ്ഥാന സംവിധാനങ്ങളുടെ കുറവു കാരണം അപേക്ഷ നിരസിച്ചാല് രജിസ്ട്രേഷന് ഫീസ് തിരികെ നല്കുന്നതല്ല.